**493**

വാഗ്ദത്ത നാട്ടിലെൻ വിശ്രമമാം
വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാം

1 എങ്ങു ഞാൻ പോകുന്നെന്നറിയാതെ തൻവിളി കേട്ടു പോകുന്നു ഞാൻ
ഇങ്ങിനിയേതു ഖേദം വന്നാലും പിന്തിരികില്ല പോകുന്നു ഞാൻ-

2 വിട്ടു ഞാൻ പോന്നതൊന്നുമേയോർത്തിന്നൊട്ടും മടങ്ങിപ്പോകയില്ല
ഉത്തമമായ നിത്യനിക്ഷേപമുന്നത നാട്ടിലുനിക്കായ്-

3 പാപത്തിന്നിമ്പഭോഗം വേ ഞാൻ പാടുപെടാമെന്നേശുവിന്നായ്
മിസ്രയിം സമ്പത്തേതിലുമെന്റെ ക്രിസ്തുവിൻ നിന്ദയെത്ര നന്നാം!

4 ഒന്നിലുമേ മനം തളരാതീ മന്നിൽ ഞാൻ യാത്ര ചെയ്തിടുന്നു
അന്നന്നു വേും മന്നയുന്നെും അന്തികത്തിൽ എൻനാഥനു്-

5 ചെങ്കടൽ യോർദ്ദാൻ വറ്റിപ്പോമെല്ലാം വൻയെരിഹോ മതിൽ തകരും
വിശ്വാസയാത്രയെ വിലക്കാൻ ഈ വിശ്വത്തിലൊന്നും ശക്തമല്ല-

6 കണ്ണുനീർ തോരും നിന്ദകൾ തീരും വിണ്ണിലെൻ വീട്ടിൽ ചെന്നുചേരും
എണ്ണിക്കൂടാത്ത ശുദ്ധരൊത്തു സന്നിധിയിൽ ഞാൻ വാഴമെന്നും-

**M.E.C.**